# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.07.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും; ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങൾ സന്ദർശിക്കും.

2. ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് മന്ത്രിതല യോഗത്തിനൊരുങ്ങി കൊച്ചി; വനിതാ പ്രവർത്തക സമിതിയോഗത്തിന് നാളെ തുടക്കമാകും.

3. സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും; പ്രവേശനോത്സവത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് മന്ത്രി എൻ.ഷംസുദ്ദീൻ നിർവഹിക്കും.

4. ട്രോളിംഗ് നിരോധന കാലയളവിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന സർക്കാർ.

5. മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ വാർഷികദിനം ഇന്ന്.

6. സംസ്ഥാനത്ത് ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത; മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കേരളം - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

PNU TVPM

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും. ഇന്തോനേഷ്യ, ഓസ്‌ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിൽ ആറു ദിവസത്തെ സന്ദർശനം നടത്തും. ഇന്തോനേഷ്യൻ പ്രസിഡന്റ് സുബിയാന്തോയുമായി ശ്രീ മോദി ഉഭയകക്ഷി ചർച്ച നടത്തും. ജക്കാർത്തയിൽ ഇന്ത്യൻ സമൂഹത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. വിദേശ പര്യടനത്തിന്റെ രണ്ടാം പാദത്തിൽ, ഈ മാസം 8 മുതൽ 10 വരെ പ്രധാനമന്ത്രി ഓസ്‌ട്രേലിയ സന്ദർശിക്കും. തുടർന്ന് ന്യൂസിലൻഡിലും ഔദ്യോഗിക സന്ദർശനം നടത്തും.

## ജയ്‌സങ്കർ സന്ദർശനം

വിദേശകാര്യ മന്ത്രി എസ്. ജയ്‌ശങ്കറിന്റെ ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഈ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതോടൊപ്പം പ്രാദേശിക വികസനങ്ങളെയും പരസ്പര താൽപര്യമുള്ള വിഷയങ്ങളെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൈമാറാനുള്ള അവസരവും ഈ സന്ദർശനം നൽകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

RNU TVPM

## ബ്രിക്സ് യോഗം-കൊച്ചി

ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് ഒരുങ്ങി കൊച്ചി. നാളെയും മറ്റെന്നാളുമായി നടക്കുന്ന ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിനും തുടർന്നുള്ള രണ്ട് ദിവസങ്ങളിലെ വനിതാ മന്ത്രിതല യോഗത്തിനുമുള്ള തയ്യാറെടുപ്പുകൾ അന്തിമഘട്ട ത്തിലാണ്. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഭരണം-നേതൃത്വം എന്നിവയിലെ സ്ത്രീ പങ്കാളിത്തം, ഡിജിറ്റൽ-സാമ്പത്തിക ഉൾപ്പെടുത്തൽ, വനിതാ സംരംഭകത്വവും നൈപുണ്യ വികസനവും, കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യസുരക്ഷ, പോഷകാഹാരം എന്നിവയിൽ സ്ത്രീകളുടെ പങ്ക് എന്നീ നാല് മുൻഗണനാ മേഖലകളിലാണ് ബ്രിക്സ് വനിതാ സമിതി

പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പൊതു തീരുമാനങ്ങൾ എടുക്കാൻ ഈ യോഗം അംഗരാജ്യങ്ങൾക്ക് അവസരമൊരുക്കും.

❁✠❁✠❁✠❁✠❁ ❁✠❁✠❁✠❁✠❁

## പ്ലസ് വൺ പ്രവേശനോത്സവം(ഇൻട്രോ )

സംസ്ഥാന തല പ്ലസ് വൺ പ്രവേശനോത്സവം നാളെ കോഴിക്കോട് നടക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ.ഷംസുദ്ദീൻ പരിപാടി ഉദ്ഘാടനം ചെയ്യും.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു.**

(വോയ്സ്)

RNU TVPM

❁✠❁✠❁✠❁✠❁ ❁✠❁✠❁✠❁✠❁

## വയോജന ക്ഷേമ-യോഗം

വയോജന ക്ഷേമ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാൻ കേരള സംസ്ഥാന വയോജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ മേധാവികളുടെ യോഗം നാളെ തിരുവനന്തപുരത്തു നടക്കും. വയോജന ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന ഫണ്ട് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നതു യോഗം ചർച്ച ചെയ്യും.

❁✠❁✠❁✠❁✠❁ ❁✠❁✠❁✠❁✠❁

## സൈബർ സുരക്ഷാ (ഇൻട്രോ)

സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളെയും അവയുടെ സാമ്പത്തിക വിഭാഗങ്ങളെയും ലക്ഷ്യമിട്ട് വാട്സ്ആപ്പ് വഴി പുതിയ രീതിയിലുള്ള സൈബർ സാമ്പത്തിക തട്ടിപ്പ് വ്യാപിക്കുന്നു. അക്കൗണ്ട്സ് വിഭാഗത്തിലേക്ക് 'അക്കൗണ്ട് സ്റ്റേറ്റ്മെന്റ്' എന്ന പേരിൽ അപകടകരമായ എക്സ്റ്റൻഷനുകളോടുകൂടിയ സ്ക്രിപ്റ്റ് ഫയലുകൾ വാട്സ്ആപ്പ് വഴി അയച്ചു നൽകിയാണ് തട്ടിപ്പ് നടത്തുന്നത്.

**പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി സൈബർ സുരക്ഷാ വിദഗ്ദ്ധ Dr. പാട്ടത്തിൽ ധന്യ മേനോൻ ആകാശവാണി വാർത്തകളോട് ..........**

(വോയിസ് )

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1 9 3 0 എന്ന സൈബർ ഹെല്പ് ലൈൻ നമ്പറിലേക്കോ www.cybercrime.gov.in എന്ന സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിലേക്കോ ബന്ധപ്പെടേണ്ടതാണ്.

---

## ട്രോളിംഗ്-നടപടി

ട്രോളിംഗ് നിരോധന കാലയളവിൽ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ യാനങ്ങൾ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന സർക്കാർ. ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയ ശേഷം ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി നടത്തിയ പട്രോളിംഗിനിടെ 1 ലക്ഷത്തി 98 ആയിരത്തി 150 രൂപ പിഴയിനത്തിലും മത്സ്യലേലത്തിലും കൂടി ഈടാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി ബന്ധപ്പെട്ട തീരദേശ ഫിഷറീസ് സ്റ്റേഷനുകളിലെയോ കൺട്രോൾ റൂമിലെയോ അധികാരികളെ വിവരം അറിയിക്കണമെന്നും നിർദ്ദേശമുണ്ട്.

RNU TVPM

---

## സെൻസസ് - കേരളം

സംസ്ഥാനത്ത് സെൻസസ് 2027ന്റെ ഭാഗമായുള്ള വീടുകളുടെ വിവര ശേഖരണം തുടങ്ങി. ആദ്യ ഘട്ടത്തിൽ ഭവനങ്ങളുടെയും കെട്ടിടങ്ങളുടെയും കണക്കെടുപ്പാണ് ആരംഭിച്ചത്. സെൽഫ് എന്യുമേറേഷൻ നടത്തിയിട്ടുള്ള വർക്ക് ഓൺലൈനിൽ ലഭിച്ച ഐഡി പരിശോധിച്ച് എന്യുമറേറ്റർമാർ വിവരങ്ങൾ സ്ഥിരീകരിക്കും. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

---

## കാലാവസ്ഥ - കേരളം

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം - ലക്ഷദീപ് തീരങ്ങളിൽ മറ്റന്നാൾ വരെയും കർണാടക തീരത്ത് ഇന്നും മത്സ്യബന്ധനത്തിന് പോകാൻ പാടില്ല. അതേസമയം കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

❁✠❁✠❁✠❁✠❁ ❁✠❁✠❁✠❁✠❁

## വൈക്കം മുഹമ്മദ് ബഷീർ (ഇൻട്രോ)

സന്യാസിയായി, ഭിക്ഷക്കാരനായി, മായാജാലക്കാരനായി തെരുവുകളിലൂടെ അലഞ്ഞു നടന്ന ഒരു സാഹിത്യകാരൻ മലയാളിക്ക് ഉണ്ടായിരുന്നു. യാത്രകൾക്ക് ഒരിടവേള നൽകിയ അദ്ദേഹം പിന്നീട് എഴുത്ത് തുടങ്ങി. അതും സാധാരണക്കാരെ കേന്ദ്ര കഥാപാത്രങ്ങളാക്കിയുള്ള സാഹിത്യ രചന. ഇന്ന് ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ വാർഷികദിനം. 1994 ജൂലൈ 5 നാണു ബഷീർ കൈരളിയോട് വിട പറഞ്ഞത്.

RNU TVPM

**പ്രിയ സാഹിത്യകാരനെപ്പറ്റി പ്രഭാഷകനും അധ്യാപകനും ഗ്രന്ഥകാരനുമായ ഡോ.MA സിദ്ദിഖ് ആകാശവാണി വാർത്തകളോട് ..................**

(വോയ്സ്)

❁✠❁✠❁✠❁✠❁ ❁✠❁✠❁✠❁✠❁

## കെ കരുണാകരൻ

മുതിർന്ന കോൺഗ്രസ് നേതാവും നാലു തവണ കേരളത്തിൻറെ മുഖ്യമന്ത്രിയുമായിരുന്ന കെ. കരുണാകരന്റെ 108 ആം ജന്മവാർഷികദിനം ഇന്ന്. 1918 ജൂലൈ 5 ന് കണ്ണൂരിനടുത്ത് ചിറക്കലിലാണ് ലീഡർ എന്നറിയപ്പെടുന്ന കെ കരുണാകരന്റെ ജനനം. ഏതു പ്രതിസന്ധികളെയും അസാമാന്യ മെയ്‌വഴക്കത്തോടെ നേരിടാൻ കഴിയുന്ന

അസാധാരണ വ്യക്തിത്വമായിരുന്നു കെ കരുണാകരനെന്നു മുഖ്യമന്ത്രി വി ഡി സതീശൻ സമൂഹ മാധ്യമത്തിൽ കുറിച്ചു.

## ക്ഷയരോഗ മുക്ത കേരളം

എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണം നാളെ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കും. കോട്ടയത്ത് നടക്കുന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ടി.ബി ബോധവൽക്കരണ പരിപാടിയും സ്പീക്കർ ഉദ്ഘാടനം ചെയ്യും.

## ഷിഗല്ല ബോധവത്കരണ ദിനം

പത്തനംതിട്ട ജില്ലയിൽ മറ്റന്നാൾ ഷിഗല്ല ബോധവത്കരണ ദിനമായി ആചരിക്കും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അവലോകന യോഗത്തിനുശേഷം മന്ത്രി പി.സി വിഷ്ണുനാഥാണ് ഇക്കാര്യം അറിയിച്ചത്.

RNUTVPM